**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 65** **10-08-2023 - ൽ മറുപടിയ്ക്ക്**

**സ്കൂൾ, കോളേജ് തലങ്ങളിൽ ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ എം നൗഷാദ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പാർലമെന്ററി ജനാധിപത്യത്തിന്റെ മൂല്യങ്ങൾ യുവതലമുറയ്ക്ക് പകർന്ന് നൽകുന്നതിന് സ്കൂൾ, കോളേജ് തലങ്ങളിൽ ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസ് (എഫ്.ഡി.എസ്.ജെ.) രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസ് (എഫ്.ഡി.എസ്.ജെ) അഥവാ ജനാധിപത്യത്തിനും സാമൂഹിക നീതിയ്ക്കുമായുള്ള വേദി 2022-23 അധ്യയന വർഷം മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 2022-23 അധ്യയന വർഷം 155 സ്കൂളുകളിലും 48 കോളേജുകളിലും എഫ്.ഡി.എസ്.ജെ രൂപീകരിക്കുകയുണ്ടായി. 2023-24 അധ്യയന വർഷത്തിൽ കൂടുതൽ സ്കൂളുകൾ/കോളേജുകളിൽ എഫ്.ഡി.എസ്.ജെ-കളുടെ രൂപീകരണം നടപ്പിലാക്കി വരുന്നു. |
| (ബി) | എഫ്.ഡി.എസ്.ജെ.-ന്റെ നേതൃത്വത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ; | (ബി) | ഫോറം ഫോർ ഡെമോക്രസി ആന്റ് സോഷ്യൽ ജസ്റ്റിസിന്റെ ആഭിമുഖ്യത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>• യൂത്ത്/മോഡൽ പാർലമെന്റ് മത്സരങ്ങൾ<br>• യൂത്ത് /മോഡൽ പാർലമെന്റ് മത്സരവിജയികളുടെ റിപ്പീറ്റ് പെർഫോമൻസ് (പഴയ നിയമസഭാ മന്ദിരത്തിൽ)<br>• മികച്ച കുട്ടികളായ പാർലമെന്റേറിയന്മാരുടെ ദ്വിദിന ക്യാമ്പ്.<br>• ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലും സർവ്വകലാശാലകളിലുമായി നടത്തപ്പെടുന്ന ഏകദിന/ദ്വിദിന ദേശീയ സെമിനാറുകൾ<br>• പ്രഭാഷണങ്ങളും ശില്പശാലകളും<br>• ജനാധിപത്യം, ഭരണഘടന എന്നിവയെ ആസ്പദമാക്കിയുള്ള ക്വിസ്, ഉപന്യാസ, പ്രസംഗ മത്സരങ്ങൾ.<br>• ഭരണഘടനാ ദിനാഘോഷം |

| | | | |
|---|---|---|---|
| | | | • ദിനാചരണങ്ങൾ (സ്വാതന്ത്ര്യദിനം, മനുഷ്യാവകാശ ദിനം, റിപ്പബ്ലിക് ദിനം)<br>• പ്രധാന വ്യക്തികളുടെ അനുസ്മരണങ്ങൾ |
| (സി) | സ്റ്റുഡന്റ് സഭയുടെ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ സ്കൂൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള നൂതന പരിപാടിയായ സ്റ്റുഡന്റ്സ് സഭ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കർമ്മ പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്റ്റുഡന്റ്സ് സഭയുടെ ഭാഗമായി ഓരോ നിയമ സഭാമണ്ഡലത്തിലെയും സ്കൂൾ/ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികൾ അതാത് മണ്ഡലങ്ങളിലെ വിഭവ, വിനിയോഗ സാധ്യതകൾ പഠിക്കുകയും മണ്ഡലത്തെക്കുറിച്ചുള്ള അവരുടെ പ്രതീക്ഷകൾ, അഭിപ്രായങ്ങൾ, നിർദേശങ്ങൾ എന്നിവ സ്റ്റുഡന്റ്സ് സഭയിൽ ചർച്ച ചെയ്യുകയും അവ ജനപ്രതിനിധികളുമായി പങ്കു വയ്ക്കുകയും ചെയ്യുന്നു. സ്റ്റുഡന്റ്സ് സഭയിൽ ഉയർന്നു വരുന്ന ആശയങ്ങളുടെ സാക്ഷാത്കാരത്തിനായി വിദ്യാർത്ഥികളുടെ നേതൃത്വത്തിലുള്ള തുടർ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമാണ്. തദ്ദേശ സ്വയംഭരണ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് ഈ പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പരിപാടിയുടെ നടത്തിപ്പിലേയ്ക്കായി സ്കൂൾ/കോളേജ്തല സമിതികൾ, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻതല സമിതികൾ, എം.എൽ.എ.മാരുടെ നേതൃത്വത്തിൽ മണ്ഡലാടിസ്ഥാനത്തിലുള്ള ഉന്നതതല സമിതി എന്നിവ രൂപീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ